©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2019 ജൂലൈ 03<br>03rd July 2019<br>1194 മിഥുനം 18<br>18th Mithunam 1194<br>1941 ആഷാഢം 12<br>12th Ashadha 1941 | നമ്പർ<br>No. | 1463 |

ഫോറം നമ്പർ 7

വകുപ്പ് 11 (1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം

വിജ്ഞാപനം

നമ്പർ E2-2410/18. 2019 ജൂൺ 15.

കേരള സർക്കാർ 4-12-2015 തീയതിയിലെ സ.ഉ. (സാധാരണ) നമ്പർ 649/2015/റവ. വിജ്ഞാപനപ്രകാരം 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(കേന്ദ്ര ആക്ട് 30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ സ്പെഷ്യൽ തഹസിൽദാർ (എൽ. എ.) ജനറൽ, തൃശ്ശൂരിനെ നിയമിച്ചിരിക്കുന്നതിനാലും;

ഗുരുവായൂർ റെയിൽവേ മേൽപ്പാലം പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി, ഡെപ്യൂട്ടി കളക്ടർ (എൽ. എ.), കളക്ടറേറ്റ്, തൃശ്ശൂരിനെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് ഗുരുവായൂർ റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ ജില്ലാ കളക്ടർക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ, തന്മൂലം, അതുമായി ബന്ധപ്പെട്ട എല്ലാപേർക്കും 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനഃസ്ഥാപന ത്തിനുമുള്ള അവകാശ ആക്ട് 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക നുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവിലയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ആക്ഷേപമുണ്ടങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ ഇത് സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ആഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ, തൃശൂർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും സ്ഥലത്തിലുള്ള താൽപര്യം സംശയലേശമെന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് സംഗ്രഹം താഴെ ചേർക്കുന്നു. ആയത് തൃശൂർ ജില്ലാ ഭരണകൂടത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക (1)

*ജില്ല* — തൃശ്ശൂർ.

*താലൂക്ക്* — ചാവക്കാട്. *വില്ലേജ്* — തൈക്കാട്.

(ഏകദേശ വിസ്തീർണ്ണം ചേർത്തിരിക്കുന്നു)

| *ക്രമനമ്പർ* | *ബ്ലോക്ക് സർവ്വേ നമ്പർ* | *വിവരണം* | *വിസ്തീർണ്ണം (ഹെക്ടർ)* | *പൊതു ആവശ്യത്തിന്റെ സ്വഭാവം* | *ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം* | *ഉടമസ്ഥർ* |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | 2/2B | നഞ്ച | 0.0142 | ഗുരുവായൂർ റെയിൽവേ മേൽപ്പാല നിർമ്മാണം | ബാധകമല്ല | 1. ജയശ്രീ വീട്ടിൽ ബാലകൃഷ്ണൻ മക്കൾ ശശികുമാർ മുതൽപേർ<br>2. ആർ.വി. ഖാലിദ്, ആർ. വി. നിവാസ്, ഗുരുവായൂർ |
| 2 | 2/2A | നഞ്ച | 0.0105 | ,, | ,, | ആർ. വി. മുഹമ്മദ് |
| 3 | 2/1A | നഞ്ച | 0.0006 | ,, | ,, | ആർ. വി. ഖാലിദ് |
| 4 | 2/1B | നഞ്ച | 0.0034 | ,, | ,, | ആർ. വി. ഖാലിദ്,<br>ആർ. വി. നിവാസ്, ഗുരുവായൂർ |
| 5 | 3/1B | തോട്ടം | 0.0152 | ,, | ,, | മുഹമ്മദ് യാസിൻ |
| 6 | 3/1CI | തോട്ടം | 0.0055 | ,, | ,, | മുഹമ്മദ് യാസിൻ |
| 7 | 4/3A | നഞ്ച | 0.0016 | ,, | ,, | ആർ. വി. ഖാലിദ് |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 8 | 4/3B | നഞ്ച | 0.0029 | ഗുരുവായൂർ റെയിൽവേ മേൽപ്പാല നിർമ്മാണം | ബാധകമല്ല | ആർ. വി. ഖാലിദ് |
| 9 | 4/4A | തോട്ടം | 0.0021 | ,, | ,, | ആർ. വി. ഖാലിദ് |
| 10 | 4/9 | നഞ്ച | 0.0001 | ,, | ,, | ആർ. വി. ഖാലിദ് |
| 11 | 4/10 | തോട്ടം | 0.0022 | ,, | ,, | 1. ശിവജി<br>2. പ്രദീപ് |

പട്ടിക (2)

*ജില്ല* — തൃശ്ശൂർ.

*താലൂക്ക്* — ചാവക്കാട്. *വില്ലേജ്* — ഇരിങ്ങപ്പുറം.

(ഏകദേശ വിസ്തീർണ്ണം ചേർത്തിരിക്കുന്നു)

| *ക്രമനമ്പർ* | *ബ്ലോക്ക് സർവ്വേ നമ്പർ* | *വിവരണം* | *വിസ്തീർണ്ണം (ഹെക്ടർ)* | *പൊതു ആവശ്യത്തിന്റെ സ്വഭാവം* | *ബാധിക്കപ്പെട്ട കെട്ടിടങ്ങളെ മാറ്റിപാർപ്പിക്കുന്നതിനുള്ള കാരണം* | *ഉടമസ്ഥർ* |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 12 | 170/1B | നഞ്ച | 0.0036 | ഗുരുവായൂർ റെയിൽവേ മേൽപ്പാല നിർമ്മാണം | ബാധകമല്ല | 1. ആർ. വി. ആരിഫ്ഖാൻ<br>2. ഹേമലത വേണുഗോപാൽ<br>3. ജയശ്രീ മുതൽപേർ<br>4. കാദർപിള്ള<br>5. അമിത മുതൽപേർ |
| 13 | 170/4B | നഞ്ച | 0.0134 | ,, | ,, | ആർ. വി. ആരിഫ്ഖാൻ |
| 14 | 171/8A | തോട്ടം | 0.0003 | ,, | ,, | രാധ, ദേവി നിവാസ് |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 15 | 171/26 | തോട്ടം | 0.0041 | ഗുരുവായൂർ റെയിൽവേ മേൽപ്പാല നിർമ്മാണം | ബാധകമല്ല | വീരാവുക്ക മകൻ അസിം |
| 16 | 171/31 | തോട്ടം | 0.0008 | ,, | ,, | ഫൈസൽ, പി. ഐ. |
| 17 | 171/14E | തോട്ടം | 0.0040 | ,, | ,, | വീരാവുക്ക മകൻ അസിം |
| 18 | 171/11C | തോട്ടം | 0.0016 | ,, | ,, | വീരാവുക്ക മകൻ അസിം |
| 19 | 171/6 | തോട്ടം | 0.0011 | ,, | ,, | ആർ. വി. ആരിഫ്ഖാൻ മുതൽപേർ |
| 20 | 171/8C | തോട്ടം | 0.0501 | ,, | ,, | 1. വിലാസ്, പി. എച്ച്. |
| | | | | | | 2. എൻ. കൃഷ്ണദാസ്, നടുവത്ത് ഹൗസ് |
| | | | | | | 3. എൻ. നാരായണൻ നായർ, നടുവത്ത് |
| | | | | | | 4. ദിനേഷ് നായർ |
| | | | | | | 5. കെ. ഡി. സുനിൽകുമാർ മുതൽപേർ |
| | | | | | | 6. കരുണാകരൻ മുതൽപേർ |
| | | | | | | 7. എ. ടി. മൊയ്തുണ്ണി |
| | | | | | | 8. നിസാർ |
| | | | | | | 9. സഫിയ മജീദ് |
| | | | | | | 10. ഖദീജക്കുട്ടി |
| 21 | 171/14C | തോട്ടം | 0.0211 | ,, | ,, | 1. എ. ടി. മൊയ്തുണ്ണി |
| | | | | | | 2. നാസർ |
| | | | | | | 3. സഫിയ മജീദ് |
| | | | | | | 4. ഖദീജക്കുട്ടി |
| | | | | | | 5. പി. വി. അബ്ദുള്ള |
| | | | | | | 6. ഫൈസൽ, പി. ഐ. |
| | | | | | | 7. വീരാവുക്ക മകൻ അസിം |
| 22 | 174/11A | തോട്ടം | 0.0117 | ,, | ,, | 1. ബൈജു ഗോപാലൻ |
| | | **ആകെ** | **0.1701** | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ സംക്ഷിപ്ത രൂപം

സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ (YSSO) കോതമംഗലം തയ്യാറാക്കി നൽകിയ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട്, ഡോ. രമ്യ, ആർ., അസിസ്റ്റന്റ് പ്രൊഫസർ, സാമ്പത്തിക ശാസ്ത്ര വിഭാഗം (ശ്രീ. സി. അച്യുതമേനോൻ ഗവ. കോളേജ്, കുട്ടനെല്ലൂർ, തൃശ്ശൂർ) ചെയർമാനായിട്ടുള്ള വിദഗ്ദ്ധ സമിതി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ട് എന്നിവ പരിഗണിച്ചതിൽ, പ്രസ്തുത പദ്ധതി പൂർത്തിയായി കഴിയുമ്പോൾ നിലവിലുള്ള ലെവൽക്രോസ് ഇല്ലാതാവുകയും ഗതാഗതകുരുക്ക് അഴിഞ്ഞുപോകുകയും ചെയ്യും എന്നതിനാലും, പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുകൊണ്ട് ഏതെങ്കിലും കുടുംബങ്ങൾക്കോ പരിസ്ഥിതിക്കോ പ്രകടമായ യാതൊരു പ്രത്യാഘാതങ്ങളും ഉണ്ടാകുന്നില്ല എന്ന് വിലയിരുത്തിയതിനാലും ബദൽ മാർഗ്ഗങ്ങൾ പരിഗണിക്കുന്നത് പ്രായോഗികമല്ലാത്തതിനാലും പദ്ധതി പ്രാബല്യത്തിൽ വരുത്തുന്നത് പൊതുജനങ്ങളുടെ നന്മയും താല്പര്യവും കണക്കിലെടുത്ത് ഇതൊരു ഒഴിവാക്കാനാവാത്ത ആവശ്യമാണ് എന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിലും, ചാവക്കാട്, താലൂക്ക് ഇരിങ്ങപ്പുറം, തൈക്കാട് വില്ലേജുകളിൽ ഉൾപ്പെട്ട മേൽപ്രസ്താവിച്ച ഭൂമി പൊന്നുംവില നടപടികൾ പ്രകാരം ഏറ്റെടുക്കുന്നതിന് എൽ. എ. ആർ. ആർ. ആക്ട് 2013 സെക്ഷൻ 8 (1), 2 എന്നിവ പ്രകാരം അംഗീകാരം നൽകി 1-6-2019 തീയതിയിലെ ഇ2-2410/18 നമ്പർ നടപടിക്രമം പ്രകാരം ജില്ലാകളക്ടർ ഉത്തരവായിട്ടുള്ളതും ഈ ഉത്തരവിന്റെ പകർപ്പ്, സെക്ഷൻ 8 (3) പ്രകാരം ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ലാൻഡ് അക്വിസിഷൻ ഓഫീസറെ ചുമതല പ്പെടുത്തിയിട്ടുള്ളതും ആയത് പരസ്യപ്പെടുത്തിയിട്ടുള്ളതുമാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെയും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെയും ആയതിന് അംഗീകാരം നൽകിയ ഉത്തരവിന്റെയും, പകർപ്പുകൾ ജില്ലാകളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയതിന്റെ പകർപ്പുകൾ കളക്ടറേറ്റ്, തൃശ്ശൂർ, സ്പെഷ്യൽ തഹസിൽദാർ (എൽ. എ.) ജനറൽ, തൃശ്ശൂർ എന്നീ ഓഫീസുകളിൽ ലഭ്യവുമാണ്.

(ഒപ്പ്)
ജില്ലാ കളക്ടർ,
തൃശ്ശൂർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2019.07.03 04:05:06 +05:30